**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ – ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3098/2016/തസ്വഭവ | തിരുവനന്തപുരം, തീയതി : 15/11/2016

---

പരാമർശം :
1) കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലിന്റെ 25/06/2016 ലെ 22-ാം നമ്പർ തീരുമാനം
2) കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 02/07/2016 തീയതിയിലെ കത്ത്
3) നഗരകാര്യ ഡയറക്ടറുടെ 05/08/2016 തീയതിയിലെ ഇ 7-15218/2016 നമ്പർ കത്ത്
4) കാഞ്ഞങ്ങാട് നഗരസഭാ ചെയർമാന്റെ 06/10/2016 തീയതിയിലെ കത്ത്

**ഉത്തരവ്**

കാഞ്ഞങ്ങാട് നഗരസഭയിലെ 43 വാർഡുകളിൽ നികുതി കുടിശ്ശിഖ പിരിച്ചെടുക്കുന്ന ജോലിയുമായി ബന്ധപ്പെട്ട് 3 ബിൽ കളക്ടർമാരാണ് നിലവിലുള്ളതെന്നും ടി ജീവനക്കാരെ ഉപയോഗിച്ച് പ്രസ്തുത ജോലി യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നില്ലായെന്നും അത് നഗരസഭയ്ക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നുവെന്നും ആയതിനാൽ പരാമർശം (1) ലെ കൗൺസിൽ തീരുമാനം അംഗീകരിച്ച് നിലവിലുള്ള നിബന്ധനകൾക്കു വിധേയമായി നികുതി പിരിച്ചെടുക്കുന്നതിനും നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി താൽക്കാലികമായി 6 മാസത്തേക്ക് 20 എൽ.ഡി.ക്ലാർക്ക് / ബിൽ കളക്ടർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ പരാമർശം (2) ലെ കത്തിലെ ആവശ്യം പരാമർശം (3) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിരിക്കുന്നു. കൂടാതെ നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് 4 ഇലക്ട്രീഷ്യന്മാരെക്കൂടി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്ന് കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ പരാമർശം (4) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവ് സഹിതം വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും നഗരസഭാ ചെയർമാന്റെ കത്തും പരിഗണിച്ച് കാഞ്ഞങ്ങാട് നഗരസഭയുടെ

സുഗമമായ ഓഫീസ് പ്രവർത്തനത്തിന് 20 എൽ.ഡി.ക്ലാർക്ക് / ബിൽ കളക്ടർമാരെയും 4 ഇലക്ട്രീഷ്യന്മാരെയും 179 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൽ കലാം.എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ
ചെയർമാൻ, കാഞ്ഞങ്ങാട് നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ